"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കൊച്ചി നഗരസഭ- സാനിറ്റേഷൻ വർക്കർ- മരണപ്പെട്ട ശ്രീ.അയ്യപ്പൻ.എ.യുടെ മകൻ ശ്രീ.വിനോദ്.എ- സാനിറ്റേഷൻ വർക്കർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.44/2025/LSGD തീയതി,തിരുവനന്തപുരം, 07-03-2025

പരാമർശം:-
1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. .ശ്രീ.വിനോദ്.എ.സമർപ്പിച്ച 01.07.2019 തീയതിയിലെ ആശ്രിത നിയമന അപേക്ഷ
3. 22.12.2022 തീയതിയിലെ സ.ഉ(കൈ)നം.277/2022/തസ്വഭവ നമ്പർ ഉത്തരവ്
4. 14.07.2023 തീയതിയിലെ സ.ഉ(പി)നം.12/2023/ഉഭപവ നമ്പർ ഉത്തരവ്
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 26.09.2023തീയതിയിലെ LSGD/PD/7281/2023-DEFIനമ്പർ കത്ത്.
6. എറണാകുളം ജില്ലാ കളക്ടറുടെ 31.12.2024-ലെ-ഇ5/803780/2024 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭയിൽ മട്ടാഞ്ചേരി മേഖല ഹെൽത്ത് വിഭാഗം 1-ാം സർക്കിളിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 08.06.2018 തീയതിയിൽ മരണപ്പെട്ട ശ്രീ.അയ്യപ്പൻ.എ.യുടെ മകൻ ശ്രീ.വിനോദ്.എ.(രാമേശ്വരം കോളനി, ഹൗസ് നമ്പർ -26/1326 നസ്രത്ത്, കൊച്ചിൻ-682002) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.അയ്യപ്പൻ.എ.യുടെ സേവനകാലം 20വർഷവും 11 മാസവും 03 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി 22.05.1971, സർവീസിൽ പ്രവേശിച്ച തീയതി 05.07.1997 എന്നിങ്ങനെയാണ്. പ്രിൻസിപ്പൽ ഡയറക്ടറും എറണാകുളം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നൽകുന്നതിന് പരാമർശം 5, 6 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2) ശ്രീ.വിനോദ്.എ. 9-ാം ക്ലാസ്സ് വിജയിച്ചിട്ടുള്ളതും ടിയാന്റെ ജനന തിയതി 26.05.1997 എന്നതുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (01.07.2019) സമർപ്പിച്ചുണ്ട്. ഈ ജോലിക്കായ് ശ്രീ.അയ്യപ്പൻ.എ.യുടെ ആശ്രിതരിൽ മറ്റാരും

തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ ശ്രീ.വിനോദ്.എ യ്ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ടിയാന്റെ കുടുംബ വാർഷിക വരുമാനം 3,90,528 രൂപയാണെന്ന്(മൂന്ന് ലക്ഷത്തി തൊണ്ണൂറായിരത്തി അഞ്ഞൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം) രൂപയാണെന്നാണ് എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നത്

3) ശ്രീ.വിനോദ്.എ എറണാകുളം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. പരാമർശം (3) ഉത്തരവ് പ്രകാരം മുൻസിപ്പൽ കോർപ്പറേഷൻ, മുൻസിപ്പാലിറ്റികളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ജീവനക്കാർ വിരമിക്കുന്നത് മുഖേന വരുന്ന ഒഴിവുകളിൽ 283 തസ്തികകളിൽ നിയമനം നടത്താതെ ഒഴിവാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിലും, വകുപ്പിൽ ജീവനക്കാരുടെ വിരമിക്കൽ മുഖേനയാണ് കൂടുതൽ ഒഴിവുകൾ വരുന്നതിനാലും, വിരമിക്കൽ ഒഴിവിൽ നിയമനം നൽകരുതെന്നുള്ള ഉത്തരവ് ഉള്ളതിനാലും മുൻസിപ്പൽ കോമൺ സർവ്വീസിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിനായുള്ള ഉത്തരവുകൾ നടപ്പാക്കുന്നതിന് അനന്തമായ കാലതാമസം നേരിടുന്നതിനും ഉത്തരവായ ജില്ലയിൽ നിയമനം നൽകുന്നതിനും സാധിക്കാത്ത സാഹചര്യം ഉണ്ടാകുമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു. മേൽ സാഹചര്യത്തിൽ ശ്രീ.വിനോദ്. എ സമർപ്പിച്ച അപേക്ഷയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവ് വരാൻ സാധ്യതയില്ലാത്ത സാഹചര്യത്തിൽ ടിയാൾക്ക് സാനിട്ടേഷൻ വർക്കർ തസ്തികയിലേക്ക് പരിഗണിക്കപ്പെടാൻ താല്പര്യമുണ്ടോയെന്ന് ടിയാനോട് ആരാഞ്ഞിരുന്നതും ആയതിൽ ടിയാന് സാനിറ്റേഷൻ വർക്കർ തസ്തികയിൽ പ്രവേശിക്കുന്നതിന് താല്പര്യമുണ്ടെന്ന് സമ്മതപത്രം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

4) ശ്രീ വിനോദ്എ. സാനിറ്റേഷൻ വർക്കർ തസ്തികയിൽ പ്രവേശിക്കുന്നതിനുള്ള സമ്മതപത്രം ലഭ്യമാക്കിയതിനാലും, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവ് വരാൻ സാധ്യതയില്ലാത്ത സാഹചര്യത്തിലും, കൊച്ചി നഗരസഭയിൽ മട്ടാഞ്ചേരി മേഖല ഹെൽത്ത് വിഭാഗം 1-ാം സർക്കിളിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിക്കവെ 08.06.2018 തീയതിയിൽ മരണപ്പെട്ട ശ്രീ.അയ്യപ്പൻ.എ.യുടെ മകൻ ശ്രീ.വിനോദ്.എ.-ന് എറണാകുളം ജില്ലയിൽ ഏതെങ്കിലും നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം (1) ഉത്തരവ് പ്രകാരം നിയമനം നല്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

5) സ.ഉ(കൈ)നം5/2018/ഉഭപവ നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പരാമർശം (4) ഉത്തരവ് പ്രകാരം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള സമ്മതപത്രം പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷകനിൽ നിന്ന് വാങ്ങി സൂക്ഷിക്കേണ്ടതും പ്രിൻസിപ്പൽ ഡയറക്ടർ/ബന്ധപ്പെട്ട നഗരസഭാസെക്രട്ടറി ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽ പറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നൽകേണ്ടതുമാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും, ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന

ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

6) ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ കളക്ടർ,എറണാകുളം
സെക്രട്ടറി, കൊച്ചി നഗരസഭ
ശ്രീ.വിനോദ്.എ.(രാമേശ്വരം കോളനി, ഹൗസ് നമ്പർ -26/1326 നസ്രത്ത്, കൊച്ചിൻ-682002)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/(ആഡിറ്റ്) കേരള, തൃശ്ശൂർ
എക്സിക്യൂട്ടിവ് ഡയറക്ടർ,ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപൂരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 07-03-2025 12:56:44
സെക്ഷൻ ഓഫീസർ